I/67548/2022

150 YEARS OF CELEBRATING THE MAHATMA

Break the chain

<u>സാമൂഹ്യനീതിവകുപ്പുഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

(ഹാജർ: എം.അഞ്ജന ഐ.എ.എസ് )

ഉത്തരവ് നം. SJD/4175/2022-SC3

തിരുവനന്തപുരം.
തീയതി. 19-11-2022

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - അന്താരാഷ്ട്ര ഭിന്നശേഷിദിനാഘോഷം - ഉണർവ്വ് - 2022 - ജില്ലാതല പരിപാടികൾ - സംഘടിപ്പിക്കുന്നതിന് ആവശ്യമായ ഫണ്ട് - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : സ.ഉ (സാധാ) നം.139/2022/ എസ്.ജെ.ഡി തിരുവനന്തപുരം, തീയതി. 28.05.2022

ഡിസമ്പർ 3 അന്താരാഷ്ട്ര ഭിന്നശേഷിദിനമായി സാമൂഹ്യനീതിവകുപ്പ് എല്ലാ വർഷവും ആഘോഷിച്ചുവരുന്നുണ്ട്. ഇതിന്റെഭാഗമായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ആഘോഷങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈവർഷവും വിവിധ പരിപാടികളോടെ ദിനാഘോഷംനടത്തുന്നതിന് ജില്ലാസാമൂഹ്യനീതി ഓഫീസർമാർക്ക് നിർദ്ദേശംനൽകിയിട്ടുണ്ട്. മേൽപരാമർശിത ഉത്തരവുപ്രകാരം വിവിധദിനാഘോഷങ്ങൾ സംഘടിപ്പിക്കുന്നതിന് തുക വിനിയോഗിക്കുന്നതിന് സർക്കാർഅനുമതി ലഭ്യമായിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് എന്നീജില്ലകളിൽ ഭിന്നശേഷി ദിനാഘോഷത്തിനായി ജില്ലാ പഞ്ചായത്ത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. മലപ്പുറംജില്ലയിൽവച്ച് അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തോടനുബന്ധിച്ചുള്ള സംസ്ഥാനതല പരിപാടികൾനടത്തുന്നതിനു നിശ്ചയിച്ചിട്ടുള്ളസാഹചര്യത്തിൽ, ജില്ലാതലപരിപാടികൾ സംസ്ഥാനതല പരിപാടികളോടനുബന്ധമായി നടത്തേണ്ടതിനാൽ ആയതിലേയ്ക്കുള്ള ഫണ്ട് പ്രത്യേകമായി അനുവദിക്കുന്നതാണ്. ആയതിനാൽ ഉണർവ്വ്. - 2022 ഭിന്നശേഷി ദിനാഘോഷത്തിനായി ഒരുജില്ലക്ക് 1,00,000/- രൂപവീതം 10 ജില്ലകൾക്ക് (തിരുവനന്തപുരം, കൊല്ലം, കാസർഗോഡ്, മലപ്പുറം ജില്ലകൾ ഒഴിച്ച്) 10,00,000/- (പത്തുലക്ഷം രൂപമാത്രം) താഴെ പട്ടികപ്പെടുത്തിയപ്രകാരം ചെലവഴിക്കുന്നതിനായി അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1. | ഹാൾ വാടക | 10,000 |
| 2. | ബാനർ | 2,000 |
| 3. | മൈക്ക് സെറ്റ്, സ്റ്റേജ് | 10,000 |
| 4. | ചായ, ഉച്ചഭക്ഷണം | 40,000 |
| 5. | ഫോട്ടോ ഡോക്യുമെന്റേഷൻ | 5,000 |
| 6. | IEC മെറ്റീരിയൽസ് ക്രമീകരണം | 10,000 |
| 7. | മത്സര വിജയികൾക്കുള്ള സമ്മാനം | 20,000 |
| 8. | മറ്റ് ചിലവുകൾ | 3,000 |

| | | | |
|---|---|---|---|
| | | ഒരു ജില്ലയ്ക്ക് ആകെ | 1,00,000 |
| | | 10 ജില്ലകൾക്ക് ആകെ | 10,00,000 |

മേൽപട്ടികപ്പെടുത്തിയപ്രകാരം തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് മലപ്പുറം ജില്ലകൾ ഒഴികെയുള്ള പത്ത് ജില്ലകളിലെ ജില്ലാസാമൂഹ്യനീതി ഓഫീസർമാർക്ക് മേൽ പട്ടികപ്പെടുത്തിയ തുക കമ്പോണന്റുകൾ പ്രകാരം ചെലവഴിക്കാവുന്നതും, ന്യായീകരിക്കതക്ക ആവശ്യമുണ്ടെങ്കിൽ, മേൽ തുകയിൽ അധികരിക്കാത്തവിധത്തിൽ കമ്പോണന്റുകളിൽ റിക്വയർമെന്റ് അനുസരിച്ച് ആവശ്യമായ മാറ്റംവരുത്തി ചെലവഴിക്കാവുന്നതുമാണ്. ഇത് സംബന്ധിച്ച ബില്ലുകളും, വാച്ചറുകളും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ യഥാസമയം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

ടി തുകയായ 10,00,000/- രൂപ നടപ്പുസാമ്പത്തികവർഷത്തെ 2235-02-001-93 (പി) എന്ന ശീർഷകത്തിൽനിന്നും വഹിക്കേണ്ടതാണ്.

M. ANJANA IAS

സാമൂഹ്യനീതിവകുപ്പഡയറക്ടർ

<u>പകർപ്പ് :</u>

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. സൂപ്രണ്ട്, എ സെക്ഷൻ
3. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്